CMMOLP SCHOOL
Since 1966
KODUNGALLUR

# ചേരമാൻ മാലിക് മൻസിൽ ഓർഫനേജ് എൽ പി സ്കൂൾ, കൊടുങ്ങല്ലൂർ

# വിഷൻ 2030

## അക്കാദമിക മാസ്റ്റർപ്ലാൻ



CMMOLP SCHOOL
Since 1966
KODUNGALLUR

# ചേരമാൻ മാലിക് മൻസിൽ ഓർഫനേജ് എൽ പി സ്കൂൾ, കൊടുങ്ങല്ലൂർ

# വിഷൻ 2030

## അക്കാദമിക മാസ്റ്റർപ്ലാൻ



## ചേരമാൻ മാലിക് മൻസിൽ ഓർഫനേജ് എൽ പി സ്കൂൾ
### കൊടുങ്ങല്ലൂർ

# വിഷൻ 2030

## അക്കാദമിക മാസ്റ്റർപ്ലാൻ
## 2025 - 26

# PROFILE

| | | |
|---|---|---|
| NAME OF SCHOOL WITH ADDRESS | : | C M M O L P S KODUNGALLUR<br>CHERAMANMALIK MANZIL ORPHANAGE<br>KODUNGALLUR P.O., PIN: 680664 |
| SCHOOL CODE | : | 23402 |
| U-DIES CODE | : | 32070601501 |
| TYPE OF SCHOOL | : | AIDED ( MINORITY EDUCATIONAL INSTITUTE) |
| YEAR OF ESTABLISHMENT | : | 1966 JUNE |
| NAME OF REVENUE VILLAGE/WARD | : | METHALA<br>NALUKANDAM WARD NO. 18 |
| NAME OF MUNICIPALITY | : | KODUNGALLUR |
| NAME OF SUB DISTRICT | : | KODUNGALLUR |
| NAME OF EDUCATIONAL DISTRICT | : | IRINJALAKKUDA |
| NAME OF DISTRICT | : | THRISSUR, KERALA |
| NAME OF BRC | : | BRC KODUGALLUR |
| NAME OF CLUSTER [CRC] | : | L P S B H S KODUNGALLUR |
| NAME OF ASSEMBLY | : | KODUNGALLUR |
| NAME OF PARLIMENT | : | CHALAKKUDY |
| CLASSES IN SCHOOL | : | PREPRIMARY, I - IV |
| NAME OF HEADMASTER | : | SAJITH T.A [9846 982354] |
| E-MAIL | : | cmmolps@gmail.com |
| BLOG | : | www.cmmolpskdrblogspot.in |



# ചരിത്രം

കൊടുങ്ങല്ലൂരിലെ പ്രമുഖ സാമൂഹ്യ പരിഷ്കർത്താക്കളിലൊരാളായ മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ മുസ്ലിം ദേവാലയമായ ചേരമാൻ ജുമാമസ്ജിദിനടുത്തായി 1952 ൽ സ്ഥാപിച്ച അനാഥാലയമാണ് ചേരമാൻ മാലിക് മൻസിൽ ഓർഫനേജ്. ഇതിനോടനുബന്ധിച്ച് ഭൗതിക വിദ്യാഭ്യാസം നൽകുന്ന ഒരു കേന്ദ്രം കൂടി വേണമെന്ന ശരിയായ ചിന്തയുടെ ഭാഗമായാണ് 1966 ൽ ചേരമാൻ മാലിക് മൻസിൽ ഓർഫനേജ് എൽ.പി.സ്കൂൾ എന്ന പേരിൽ (സി.എം.എം.ഒ.എൽ.പി സ്കൂൾ) എയിഡഡ് വിദ്യാലയം പ്രവർത്തനമാരംഭിക്കുന്നത്. സംസ്ഥാന നിയമസഭയിൽ കൊടുങ്ങല്ലൂരിനെ പ്രതിനിധീകരിച്ചിരുന്ന ശ്രീ. പി.കെ. അബ്ദുൾ കാദറായിരുന്നു. വിദ്യാലയത്തിന്റെ പ്രഥമ മാനേജർ വിദ്യാലയം എന്ന സ്വപ്നം യാഥാർത്ഥ്യമായതോടെ ഒരു പ്രദേശത്തിന്റെ മുഴുവൻ ജനങ്ങളുടെയും പ്രാഥമിക വിദ്യാഭ്യാസത്തിനുതകും വിധം ഈ വിദ്യാലയത്തിനുയരാൻ കഴിഞ്ഞു. നാനാ ജാതി മതസ്ഥരേയും ഉൾക്കൊള്ളുന്ന പൊതുഇടങ്ങളിൽ ഒന്നായിത്തന്നെ ഈ വിദ്യാലയം വളരെ വേഗം വളർന്നു വികസിച്ചു.

ശ്രീ യൂസഫ് മാസ്റ്ററായിരുന്നു. ഈ വിദ്യാലയത്തിലെ ആദ്യഹെഡ്മാസ്റ്റർ. 90 കളുടെ മധ്യത്തോടെ പൊതുവിദ്യാലയങ്ങൾക്ക് പ്രതിസന്ധി നേരിട്ടപ്പോൾ ഈ വിദ്യാലയത്തിനു തകർച്ച നേരിട്ടു അൺ എക്കണോമിക് എന്ന ഓമനപ്പേരിട്ട് അടച്ചുപൂട്ടൽ ഭീഷണി നേരിട്ട ഈ വിദ്യാലയം 2003 ഓടെ അധ്യാപകരുടേയും, രക്ഷിതാക്കളുടേയും, മാനേജ്മെന്റിന്റേയും അശ്രാന്ത പരിശ്രമത്തിന്റെ ഫലമായി 100 കൂടുതൽ പഠിക്കുന്ന എക്കണോമിക് വിദ്യാലയങ്ങളുടെ ഗണത്തിലേക്ക് വീണ്ടും ഉയർത്തപ്പെട്ടു. 2 കിലോമീറ്റർ ചുറ്റളവിൽ 10 ഓളം പൊതുവിദ്യാലയങ്ങളും അൺ എയ്ഡഡ് വിദ്യാലയങ്ങളും ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിലും, മറ്റു പ്രവർത്തനങ്ങളിലും ഉപജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങൾക്കൊപ്പം എത്താൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട് ചേരമാൻ ഓർഫനേജിന്റെ സെക്രട്ടറിയായ ശ്രീ. എ.എം മുഹമ്മദ് സെയ്താണ് ഈ വിദ്യാലയത്തിന്റെ ഇപ്പോഴത്തെ മാനേജർ. ശ്രീ. സാജിത്. ടി.എ ഹെഡ്മാസ്റ്റർ.

# ആമുഖം

ചേരമാൻ മാലിക് മൻസിൽ ഓർഫനേജ് എൽ പി സ്കൂൾ ഇന്ന് 59 വർഷം പിന്നിടുകയാണ്. കേരളത്തിന്റെ തനതായ് മതനിരപേക്ഷ ജനാധിപത്യ വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി അവസരതുല്യത, പങ്കാളിത്തം, ഗുണനിലവാരം മാനവികത എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് കുട്ടിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇന്നിന്റെ ആവശ്യമാണ്.

അന്താരാഷ്ട്രനിലവാരം ലക്ഷ്യമാക്കി നടപ്പാക്കുന്ന ഈ കേരള മാതൃക വിജയകരമായി നടപ്പാക്കുന്നതിൽ അനുബന്ധ സൗകര്യങ്ങൾ ആവശ്യമാണ്. ഇതിനായി വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷത്തിൽ സാരമായ മാറ്റം വരുത്തേണ്ടതുണ്ടായിരുന്നു. ഇതിനായുള്ള ഒരു സാമ്പത്തിക അടിത്തറ ഈ സാധാരണ വിദ്യാലയത്തെ സംബന്ധിച്ച് സ്വപ്നതുല്യവുമായിരുന്നു. മഹത്തായ ഒരു കർമ്മത്തിന് വേണ്ടി രൂപം കൊണ്ട ഒരു ട്രസ്റ്റിന് കീഴിൽ പ്രവർത്തിക്കുന്ന ഒന്നാണ് ഈ വിദ്യാലയം. 2010 സ്കൂളിനായി ഒരു പുതിയ കെട്ടിടം നിർമ്മിച്ചു നൽകിയ ഓർഫനേജ് ട്രസ്റ്റിനെ സംബന്ധിച്ചിടത്തോളം കൂടുതൽ സാമ്പത്തിക ബാധ്യത ഏറ്റെടുക്കുക എന്നത് ഏറെ വിഷമകരവുമാ യിരുന്നു. എങ്കിലും പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിനും ഈ ആധുനിക സൗകര്യങ്ങൾ ഒരുക്കി ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി പ്രദേശത്തെ തന്നെ ഏറ്റവും മികച്ച വിദ്യാലയമാക്കി മാറ്റാൻ ദീർഘകാല കാഴ്ചപ്പാടോടെ 2018 ൽ തയ്യാറാക്കിയ സ്വപ്ന പദ്ധതിയായ വിഷൻ 2022 പ്രവർത്തനങ്ങൾ സ്കൂളിനെ മികവിന്റെ പാതയിലേക്ക് നയിച്ചു.

ഇന്ന് വിദ്യാലയം അക്കാദമികമായും അതിലേറെ മികച്ച ഭൗതിക സൗകര്യങ്ങളോടും കൂടി ഉപജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങൾക്കൊപ്പം പ്രവർത്തിച്ചുവരികയാണ്. വിഷൻ 2022 ലൂടെ സ്വപ്നം കണ്ടിരുന്ന 80% ഭൗതികസൗകര്യങ്ങളും ഒരുക്കാനായതിൽ ഏറെ അഭിമാനം കൊള്ളുകയാണിപ്പോൾ. ഇതിനായി ഞങ്ങളോടൊപ്പം നിന്ന ബഹുമാനപ്പെട്ട ചാലക്കുടി എം പി ആയിരുന്ന ശ്രീ ഇന്നസെന്റ്, കൊടുങ്ങല്ലൂർ എംഎൽഎ അഡ്വ. വി ആർ സുനിൽകുമാർ, ലുലു ഇന്റർനാഷണൽ എക്സ്ചേഞ്ച് എം.ഡി അദീബ്അഹമ്മദ്, കൈറ്റ്, സ്കൂൾമാനേജ്മെന്റ് എന്നിവരെ നന്ദിയോടെ സ്മരിക്കുകയാണ്. വിദ്യാലയം കൂടുതൽ ഉയർച്ചയിലേക്ക് വരുന്നതിന് കുട്ടികളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിനും അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതിക വിദ്യയ്ക്കൊപ്പം പുതുതലമുറയെ ഉയരങ്ങളിൽ എത്തിക്കുന്നതിനുമായി ദീർഘകാല കാഴ്ചപ്പാടോടെ പ്രവർത്തനസജ്ജമാവുകയാണ് വിഷൻ 2030 ലൂടെ. ഇവിടെ നമ്മുടെ മക്കളുടെ സമഗ്ര വളർച്ചയാണ് ലക്ഷ്യം ഒപ്പം അതിലൂടെ നാടിന്റെ പുരോഗതിയും.

# സി എം എം ഒ എൽ പി സ്കൂൾ ഇന്ന്

വിഷൻ 2022 പദ്ധതിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങളുടെ ഫലമായി എൽകെജി മുതൽ നാലു വരെയുള്ള ക്ലാസുകൾ എല്ലാംതന്നെ ആധുനിക സൗകര്യങ്ങളോടെ ഒരുക്കാൻ കഴിഞ്ഞു എന്നുള്ളത് അഭിമാനകരമായ ഒരു നേട്ടം തന്നെയാണ്. പ്രീ പ്രൈമറി തലം മുതൽ പുതിയ സ്കൂൾ കെട്ടിടം ടൈലുകൾ വിരിച്ച് ആകർഷകമാക്കിയ ക്ലാസ് മുറികൾ, ശിശു സൗഹൃദ ഇരിപ്പിടങ്ങൾ, എല്ലാ ക്ലാസിലും ഇന്റർനെറ്റ് വൈഫൈ സൗകര്യം, സ്മാർട്ട് ടിവി, ടച്ച് ബോർഡ്, എൽസിഡി പ്രൊജക്ടുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉള്ള ക്ലാസ് മുറികൾ, ഐടി പഠനത്തിനായി പത്തോളം കമ്പ്യൂട്ടർ ലാപ്ടോപ്പുകൾ, ഓരോ ക്ലാസിലും കുട്ടികൾക്ക് ശുദ്ധീകരിച്ച കുടിവെള്ള സംവിധാനം, ശിശുസൗഹൃദ ഇരിപ്പിടങ്ങൾ ഇതെല്ലാം വിദ്യാലയ മികവ് വിളിച്ചോതുന്നവയാണ്.

2010 ൽ മാനേജ്മെന്റ് സ്കൂൾ കെട്ടിടം ആധുനികമായ സൗകര്യങ്ങളുടെ പുതുക്കിപ്പണിയുകയുണ്ടായി. തുടർന്ന് 2018 ൽ തയ്യാറാക്കിയ വിഷൻ 2022 ഭാഗമായി 201819 വർഷത്തിൽ അന്നത്തെ ചാലക്കുടി എംപി ശ്രീ ഇന്നസെന്റ് അവർകളുടെ എം പി എൽ എ ഡി ഫണ്ടിൽനിന്നും മൂന്ന് ക്ലാസ് മുറികൾ സ്മാർട്ട്ക്ലാസുകളാക്കാൻ അനുവാദം നൽകി. ഇതിന്റെ ഭാഗമായി ഒന്ന്, രണ്ട്, നാല് ക്ലാസുകൾ ഇന്ററാക്റ്റീവ് ടച്ച് ബോർഡ് സംവിധാനത്തോടെയുള്ള ക്ലാസ് മുറികൾ ആക്കാൻ കഴിഞ്ഞു. എല്ലാ ക്ലാസ് മുറികളിലും ഇന്റർനെറ്റ് സൗകര്യം ഉറപ്പുവരുത്തി. ക്ലാസ് മുറികൾ ടൈലുകൾ വിരിച്ച് ആകർഷകമാക്കി. ക്ലാസ്മുറികളിൽ ഡിജിറ്റൽ ശബ്ദ സംവിധാനം ഏർപ്പെടുത്തിയത് ഏറെ ആകർഷകമായി. കൂടാതെ ഒന്ന് രണ്ട് ക്ലാസ് ചുവരുകൾ ആകർഷകമായ ചിത്രങ്ങൾ വരച്ച് മനോഹരമാക്കി. ഒന്നാം ക്ലാസിൽ ശിശുസൗഹൃദ ഇരിപ്പിടങ്ങൾ ഒരുക്കാനും കഴിഞ്ഞു.

ഇതോടൊപ്പം കൊടുങ്ങല്ലൂർ എംഎൽഎ അഡ്വക്കേറ്റ് സുനിൽകുമാറിന്റെ എംഎൽഎ ഫണ്ടിൽ നിന്നും രണ്ട് ലാപ്ടോപ്പും ഒരു പ്രിന്ററും അനുവദിച്ചത് വിദ്യാലയത്തിലെ അക്കാദമിക പ്രവർത്തനങ്ങൾക്ക് ഉണർവേകി.

2020 ൽ കൈറ്റ് അനുവദിച്ച 5 ലാപ്ടോപ്പുകളും 2 എൽ.സി.ഡി പ്രൊജക്ടുകളും മൾട്ടിമീഡിയ സ്പീക്കറുകളും ലഭിച്ചതോടെ കുട്ടികളുടെ ഐടി പഠനത്തിനുള്ള ലാബ് സജ്ജീകരിക്കുന്നതിനും ഒന്നു മുതൽ നാലു വരെയുള്ള മുഴുവൻ കുട്ടികൾക്കും സ്മാർട്ട് ക്ലാസ് മുറികൾ ഒരുക്കുന്നതിനും കഴിഞ്ഞു.

തുടർന്ന് ഇന്റർനാഷണൽ എക്സ്ചേഞ്ച് എംഡി അദീബ്അഹമ്മദിന്റെ അദീബ്-ഷെഫീന ഫൗണ്ടേഷന്റെ സഹായത്തോടെ എൽകെജി യുകെജി ക്ലാസുകൾ ആകർഷകമായ ഇരിപ്പിടങ്ങളും ഏർപ്പെടുത്തി ശിശു-സൗഹൃദമാക്കുവാനും സ്മാർട്ട് ക്ലാസ്മുറികളാക്കാനും സാധിച്ചു. കൂടാതെ എല്ലാ ക്ലാസ് മുറികളിലും ശുദ്ധീകരിച്ച കുടിവെള്ളസംവിധാനം സജ്ജീകരിക്കുന്നതിനും കുട്ടികൾക്ക് വിനോദത്തിനായി കിഡ്സ് മിനി പാർക്ക് ഒരുക്കുന്നതിനും സ്കൂൾ സൈക്കിൾ ക്ലബ്ബിലേക്ക് സൈക്കിളുകൾ വാങ്ങുന്നതിനും സഹായകമായി.

നിലവിൽ എൽകെജി മുതൽ നാലാംക്ലാസ് വരെ എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടും കൂടി നിലനിർത്തി മികച്ച അക്കാദമിക നിലവാരത്തോടെ

പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇത്തരം സംവിധാനങ്ങൾ കുട്ടികളുടെ സർവ്വതോന്മുഖ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നുണ്ട്.പ്പൊ അക്കാദമികേതര പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ സർവ്വതോന്മുഖ വളർച്ചക്ക് ഒരു മുതൽകൂട്ടായിട്ടുമുണ്ട്.

ഇന്ന് വിദ്യാലയം അക്കാദമിക പ്രവർത്തനങ്ങളിൽ ഏറെ മുന്നിലായിത്തന്നെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും, സൗകര്യങ്ങളും ഇവിടെ കുട്ടികളുടെ അക്കാദമിക വളർച്ചക്കായി ഉപയോഗപ്പെടുത്തി വരുന്നു. പഠനസഹായം വേണ്ട കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ കുട്ടികളുടെ മാനസിക വികാസം ലക്ഷ്യമാക്കി നടക്കുന്ന പ്രവർത്തനങ്ങൾ, കമ്പ്യൂട്ടർ പഠനത്തിനായി വലിയ ലൈബ്രറി സംവിധാനം ഇല്ലെങ്കിലും പ്രത്യേകം ഐടി പഠനം, കുട്ടികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേകം ക്ലാസുകൾ, മൂല്യബോധം ഉണർത്തുന്നതിനും നല്ല സ്വഭാവ ശീലങ്ങൾ വളർത്തുന്നതിനും പ്രത്യേകം പരിശീലനങ്ങൾ.

കുട്ടികളുടെ ആരോഗ്യം ആഹാരശീലങ്ങൾ വളർത്തുന്നതിൽ വൈവിധ്യമാർന്ന രീതിയിലുള്ള ഉച്ചഭക്ഷണ പരിപാടികൾ പിടിഎയുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ വിദ്യാലയത്തിൽ നടന്നുവരുന്നു. കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിൽ പ്രത്യേകം കാർഷിക പരിശീലനങ്ങളും വിദ്യാലയത്തിൽ നടന്നുവരുന്നത് പ്രധാനപ്പെട്ട ഒരു പരിപാടി തന്നെയാണ്. സ്കൂൾ ഉച്ചഭക്ഷണ പരിപാടികളുടെ ഭാഗമായി നടന്നുവരുന്ന ജൈവ പച്ചക്കറി തോട്ടത്തിന്റെ പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ 2019 - 20 ൽ കാർഷിക ക്ഷേമവകുപ്പിന്റെ പുരസ്കാരം ലഭ്യമായിട്ടുണ്ട് . ഇത്തവണയും 2024 - 25 ലെ മികച്ച ജൈവപച്ചക്കറി വിദ്യാലയത്തിനുള്ള ഉപജില്ല അവാർഡിനും നമ്മുടെയീ കൊച്ചു വിദ്യാലയം അർഹത നേടി.

കുട്ടികളുടെ കായികമായ വളർച്ചയ്ക്ക് നല്ല രീതിയിലുള്ള പ്രോത്സാഹനങ്ങൾ സ്കൂളിന്റെ ഭാഗത്തുനിന്നും പിടിഎയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട് ജില്ലാ കായിക മത്സരത്തിലും കലോത്സവത്തിലും വിദ്യാലയത്തിലെ കുട്ടികൾ മികച്ച പ്രകടനങ്ങൾ കാഴ്ചവെച്ചു സ്കൂളിന് അഭിമാനകരമായ നേട്ടം ഉണ്ടാക്കാറുള്ളതാണ്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എൽഎസ്എസ് പരീക്ഷകളിൽ വിദ്യാലയത്തിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാറുള്ളത് അക്കാദമിക മികവിന് ഉത്തമോദാഹരണമാണ്.

സ്കൂളിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ തന്നെ അഞ്ചോളം സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളും വിദ്യാലയങ്ങളും പ്രവർത്തിച്ചുവരുന്നു. ഇത് സ്കൂളിന്റെ അഡ്മിഷന് സാരമായി ബാധിക്കുന്നു ആയതിനാൽ പരിസരപ്രദേശങ്ങളായ അഴീക്കോട് മേത്തല കണ്ടംകുളം ഇടമുക്ക് കടുക്കച്ചുവട് എന്നിവിടങ്ങളിൽ കുട്ടികളെ വാഹനസൗകര്യം ഏർപ്പെടുത്തി സൗജന്യമായി സ്കൂളിൽ എത്തിക്കുന്നത്. ഇതിനായി വലിയൊരു സാമ്പത്തിക ചെലവ് എടുക്കേണ്ടി വരുന്നു. വിദ്യാലയത്തിലെ അഞ്ച് അധ്യാപകരും മാനേജ്മെന്റ് ചേർന്നാണ് ഇതിന്റെ ചെലവ് വഹിക്കുന്നത്. ഓരോ വർഷവും ഇതിനായുള്ള ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ തന്നെ കൂടുതൽ സാമ്പത്തിക ബാധ്യതകൾ ഇല്ലാതാക്കുന്നതിന് മറ്റും കുട്ടികളുടെ എണ്ണം ഓരോ ഡിവിഷനുകളിൽ മാത്രം നിജപ്പെടുത്തി തന്നെ കൂടുതൽ പ്രവർത്തന മികവോടെ കുട്ടികളുടെ അക്കാദമിക ലക്ഷ്യം സാക്ഷാത്കരിക്കുന്ന ചിട്ടയായ പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടു പോകാനാണ് നിലവിലെ തീരുമാനം.

## ROLL STRENGTH AS ON 2000-01 TO 2025 - 26

| SL.NO. | YEAR | Pre Primary | 1 | 2 | 3 | 4 | TOTAL | G. Total | SC | MUSLIM | OTHERS |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2001-2002 | | 19 | 16 | 21 | 25 | 81 | 81 | 1 | 66 | 14 |
| 2 | 2002-2003 | | 11 | 20 | 16 | 22 | 69 | 69 | 1 | 57 | 11 |
| 3 | 2003-2004 | | 40 | 18 | 28 | 26 | 112 | 112 | 3 | 84 | 25 |
| 4 | 2004-2005 | | 25 | 42 | 22 | 26 | 115 | 115 | 2 | 74 | 39 |
| 5 | 2005-2006 | | 40 | 32 | 49 | 31 | 152 | 152 | 7 | 86 | 59 |
| 6 | 2006-2007 | | 28 | 44 | 31 | 54 | 157 | 157 | 7 | 79 | 71 |
| 7 | 2007-2008 | | 26 | 37 | 47 | 33 | 143 | 143 | 10 | 71 | 62 |
| 8 | 2008-2009 | | 30 | 29 | 38 | 43 | 140 | 140 | 12 | 62 | 66 |
| 9 | 2009-2010 | | 20 | 32 | 34 | 40 | 126 | 126 | 7 | 60 | 59 |
| 10 | 2010-2011 | 30 | 20 | 27 | 33 | 32 | 112 | 142 | 9 | 52 | 51 |
| 11 | 2011-2012 | 55 | 22 | 24 | 30 | 29 | 105 | 160 | 13 | 50 | 42 |
| 12 | 2012-2013 | 66 | 24 | 24 | 27 | 30 | 105 | 171 | 9 | 52 | 44 |
| 13 | 2013-2014 | 56 | 33 | 20 | 29 | 24 | 106 | 162 | 13 | 43 | 50 |
| 14 | 2014-2015 | 55 | 31 | 32 | 21 | 28 | 112 | 167 | 16 | 48 | 48 |
| 15 | 2015-2016 | 59 | 27 | 30 | 31 | 23 | 111 | 170 | 18 | 46 | 47 |
| 16 | 2016-2017 | 45 | 27 | 26 | 29 | 32 | 114 | 159 | 22 | 41 | 51 |
| 17 | 2017-2018 | 43 | 25 | 30 | 30 | 32 | 117 | 160 | 18 | 57 | 42 |
| 18 | 2018-2019 | 43 | 24 | 24 | 26 | 28 | 102 | 145 | 16 | 45 | 41 |
| 19 | 2019-2020 | 48 | 24 | 26 | 26 | 25 | 101 | 149 | 13 | 53 | 35 |
| 20 | 2020-2021 | 50 | 25 | 24 | 25 | 24 | 98 | 148 | 9 | 51 | 38 |
| 21 | 2021-2022 | 42 | 27 | 24 | 24 | 25 | 100 | 142 | 9 | 51 | 40 |
| 22 | 2022-2023 | 49 | 22 | 26 | 23 | 23 | 94 | 143 | 8 | 51 | 35 |
| 23 | 2023-2024 | 44 | 20 | 22 | 27 | 24 | 93 | 137 | 8 | 51 | 34 |
| 24 | 2024-2025 | 38 | 30 | 25 | 23 | 28 | 106 | 144 | 7 | 62 | 37 |
| 25 | 2025-2026 | 46 | 19 | 27 | 25 | 23 | 94 | 140 | 7 | 54 | 33 |
| | | | | | | | | | | | |

# അക്കാദമിക പ്രശ്നങ്ങൾ

1. അതാത് ക്ലാസുകളിൽ നേടേണ്ട പഠനനേട്ടങ്ങൾ ക്ലാസിലെ മുഴുവൻ കുട്ടികളിലും ആർജ്ജിച്ചെടുക്കാൻ കഴിയുന്നില്ല. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് മുഴുവൻ പഠനനേട്ടങ്ങളും ആർജ്ജിക്കാൻ കഴിയുന്നില്ല.

2. ഓരോ ക്ലാസിലേയും ചെറിയൊരുഭാഗം കുട്ടികൾ മലയാളം, ഇംഗ്ലീഷ്, ഗണിതം വിഷയങ്ങളിൽ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്നതിൽ പിന്നോക്കം നിൽക്കുന്നു.

3. കുട്ടികളിലെ സർഗാത്മക കഴിവുകൾ വളർത്തുന്നതിൽ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

4. പുതുതലമുറകളിലെ മാനുഷിക മൂല്യങ്ങളുടെ, സ്വഭാവം, ശീലങ്ങൾ എന്നിവയുടെ അഭാവം അവരുടെ വ്യക്തിത്വ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.

5. കുട്ടികളിലെ കലാ-കായിക ശേഷികൾ വളർത്തുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനുവേണ്ട പ്രത്യേക നൈപുണ്യമുള്ള അദ്ധ്യാപകരുടെ അഭാവം.

6. കുട്ടികളിൽ ശാസ്ത്രബോധം, ശാസ്ത്രാഭിരുചി, ശാസ്ത്രപഠനം എന്നിവവളർത്തുന്ന പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്.

7. വിദ്യാർത്ഥികളിലെ വായനാശീലം മെച്ചപ്പെടുത്തേണ്ടതുണ്ട്.

8. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും ഇംഗ്ലീഷ് ഭാഷ അനായാസകരമായി കൈകാര്യം ചെയ്യുവാൻ പ്രാപ്തരാക്കുന്നതിനുള്ള പരിശ്രമം പൂർണ്ണതയിലെത്തിയിട്ടില്ല.

9. ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ സ്വയം നിർദ്ധാരണം ചെയ്യുന്നതിൽ കുട്ടികൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

10. അധ്യാപനത്തിനനുസൃതമായ പൂർണ്ണ സഹകരണം രക്ഷിതാക്കളിൽ നിന്നും ലഭ്യമല്ല.

11. വിദ്യാർത്ഥികളിൽ പരിപൂർണ്ണമായ ഒരു കാർഷിക സംസ്കാരം രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

12. പ്രകൃതിയോടിണങ്ങിച്ചേർന്ന് ജീവിക്കാനും നമ്മുടെ നാട്ടിൽ കാണുന്ന ചെടികൾ, മരങ്ങൾ, ജീവജാലങ്ങൾ, അവയുടെ പ്രത്യേകതകൾ, ആരോഗ്യത്തിനുമപ്പുറം ജൈവ വൈവിധ്യധാരണ തുടങ്ങിയവ ഇന്നത്തെ തലമുറകളിൽ ശരിയാംവിധം രൂപപ്പെടുത്തേണ്ടതുണ്ട്.

13. പുതുതലമുറയുടെ ആരോഗ്യപരമായ വളർച്ചക്ക് പോഷക സമൃദ്ധമായ ആഹാരം, ശുചിത്വശീലങ്ങൾ ഇവ സമന്വയിപ്പിച്ച് നല്ലൊരു ആരോഗ്യസംസ്കാരം രൂപപ്പെടുത്തേണ്ടതുണ്ട്.

# വിഷൻ 2030 ലക്ഷ്യങ്ങൾ

വിദ്യാലയത്തിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

വിദ്യാഭ്യാസ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന പഠനരീതി.

എല്ലാ കുട്ടികളേയും പഠനനേട്ടങ്ങൾ പ്രാപ്തരാക്കാൻ ക്രമീകരിക്കൽ.

പഠനപ്രക്രിയ എളുപ്പമാക്കാൻ ലഭ്യമായ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തൽ.

കുട്ടികളെ രചനാത്മകതയിലൂടെ സമൂഹ നന്മയിലേക്ക് നയിക്കുക.

കുട്ടികളിൽ തുല്യനീതി നടപ്പിലാക്കി ശാക്തീകരിക്കൽ.

രക്ഷകർതൃ വിദ്യാഭ്യാസം നൽകി ശാക്തീകരിക്കൽ.

ചിട്ടയായ അക്കാദമിക പ്രവർത്തനങ്ങളിലൂടെ കുട്ടികളെ നല്ല പൗരന്മാരാക്കി വളർത്തിയെടുത്ത് സ്കൂളിന്റെ വികസനം ഉറപ്പാക്കൽ

വിദ്യാലയത്തിലെ അധ്യാപകർക്ക്, കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ചുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യൽ.

വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുക.

| അക്കാദമികം | | | | | | |
|---|---|---|---|---|---|---|
| ഒഷം | | | | ഭാഷാവികസനം | | |
| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | Source | Amount |
| പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് മലയാളം, ഗണിതം, ഇംഗ്ലീഷ്, വിഷയങ്ങളിൽ അടിസ്ഥാന പഠനം നൽകി സാമാന്യ നിലവാരത്തിലെത്തിച്ച് വിദ്യാലയത്തിലെ നൂറുശതമാനം കുട്ടികൾക്കും എഴുതാനും വായിക്കാനും കഴിവുണ്ടാക്കൽ | 1 | പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിന് Pre-tets നടത്തുന്നതിന് SRG യോഗം കൂടുന്നു. | മെയ് | എസ്.ആർ.ജി. കൺവീനർ | | |
| | 2 | Pre test നടത്തൽ | ജൂൺ 5 - 20 വരെ | ക്ലാസ് ടീച്ചർ | C.P.T.A | 300 |
| | 3 | കണ്ടെത്തിയ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് പ്രത്യേക പഠന പദ്ധതി തയ്യാറാക്കൽ | ജൂൺ 21 -30 വരെ | ക്ലാസ് ടീച്ചർ | C.P.T.A | 500 |
| | 4 | പഠന പദ്ധതി നടപ്പിലാക്കൽ എല്ലാശനിയാഴ്ചകളിലും 10 മണിമുതൽ 1 മണിവരെയും മലയാളം, ഗണിതം, ഇംഗ്ലീഷ്, വിഷയങ്ങളിൽ അടിസ്ഥാന പഠനം നൽകൽ.(മൾട്ടിമീഡിയാസ | ജൂലൈ 3 മുതൽ ഡിസംബർ വരെ | സജിത് ടീച ഹെഡ്മാസ്റ്റർ | C.P.T.A | 1000 |
| | 5 | പ്രത്യേക പഠനസഹായം വേണ്ട ഈ കുട്ടികൾക്കും എല്ലാദിവസവും സമയം കണ്ടെത്തി മലയാളം, ഗണിതം, ഇംഗ്ലീഷ്, വിഷയങ്ങളിൽ പ്രത്യേകം പരിശീലനം നൽകൽ. | ജൂലൈ 3 മുതൽ ഡിസംബർ വരെ | ക്ലാസ് ടീച്ചർ | C.P.T.A | 1000 |
| | 6 | നടപ്പിലാക്കിയവ നേടിയോ എന്ന് പരിശോധന . [Post tests] | എല്ലാമാസവും | ക്ലാസ് ടീച്ചർ | C.P.T.A | 250 |

| | | | | | | |
|---|---|---|---|---|---|---|
| | 7 | പുരോഗതി വിലയിരുത്തുന്നതിനായി രക്ഷിതാക്കളുടെ സഹകരണം ഉറപ്പാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | | |
| | 8 | പോസ്റ്റ് ടെസ്റ്റ് നടത്തി വിലയിരുത്തൽ | മാർച്ച് | സബ്ജ ടീച്ച ഹെഡ്മാ | C.P.T.A | 500 |
| | | ആകെ | | | | 3550 |

| അക്കാദമികം | | | | | | |
|---|---|---|---|---|---|---|
| വായിക്കാം വളരാം | | | | ഭാഷാവികസനം | | |
| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | Source | Amount |
| വായനാ പരിപോഷണം. ക്ലാസ് ലൈബ്രറി നവീകരിച്ചും ആകർഷകമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചും കുട്ടികളെ വായനയിലേക്ക് അടുപ്പിക്കുന്നതിന്. | 1 | ക്ലാസ് തല ലൈബ്രറി ഉദ്ഘാടനം. കുട്ടികളെ വായനയിലേക്ക് നയിക്കുന്നതരത്തിലുള്ള പുസ്തകങ്ങൾ കണ്ടെത്തി ലൈബ്രറിആകർഷകമാക്കൽ. | ജൂൺ 19 | ക്ലാസ്ടീച്ചർ | | |
| | 2 | ക്ലാസ് തല ലൈബ്രറി പുസ്തകങ്ങൾ ആകർഷകമായി സൂക്ഷിക്കാനും എല്ലാ ക്ലാസിലും പ്രത്യേക റാക്ക് | ജൂൺ 19 | കൺവീനർ, എസ്.എസ്.ജി | SSA | 5000 |
| | 3 | സ്കൂൾതല പുസ്തക വിതരണം.ആഴ്ചയിലൊരു പുസ്തകം കുട്ടികൾക്ക് വായിക്കാനായി വീട്ടിലേക്ക്. (എല്ലാവെള്ളിയാഴ്ചയും). | ജൂൺ 19 | ക്ലാസ്ടീച്ചർ | | |
| | 4 | വായനാ ലൈബ്രറിയിലേക്ക് പുതിയ പുസ്തകങ്ങൾ എന്റെവക'. കുട്ടികളുടെ ജന്മദിനം, മറ്റു വിശേഷ ദിവസങ്ങളിൽ പുസ്തകങ്ങൾ സംഭാവന. ഇവ ക്ലാസ്തല ലൈബ്രറി റജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. | ജൂൺ മുതൽ | H.M. SRG കൺവീനർ | | |
| | 5 | കുട്ടികളുടെ രചനകൾ/ വായനാകാർഡുകൾ. വായനാ മൂലയിലേക്ക് കളർ പ്രിന്റ് ഒരുക്കൽ | സെപ്തംബർ | ക്ലാസ് ടീച്ചർ | CPTA | [redacted] |

| | | | | | | |
|---|---|---|---|---|---|---|
| | 6 | ക്ലാസ് ലൈബ്രറിയിലേക്ക് കുട്ടികളുടെ മാസികകൾ വാങ്ങുന്നു. | ജൂലൈ 23 മുതൽ | H.M. SRG കൺവീനർ | മുൻസിപ്പാലിറ്റി | 1500 |
| | 7 | രക്ഷിതാക്കൾക്ക് രചനാ പരിപാടികൾ സംഘടിപ്പിച്ച് വായനാകാർഡുകൾ നിർമ്മിക്കുന്നു. കളർ പ്രിന്റ് ചെയ്യൽ | ജൂൺ 19 | ക്ലാസ് ടീച്ചർ | CPTA | 2000 |
| | 8 | മാധ്യമം 'വെളിച്ചം' പദ്ധതിയിലൂടെ എല്ലാ ക്ലാസിലേക്കും ഒരു പത്രം വീതം ലഭ്യമാക്കൽ. അതാതു ദിവസത്തെ വായനക്കു ശേഷം പത്രങ്ങളില്ലാത്ത കുട്ടികളുടെ വീടുകളിലേക്ക് വിതരണം നടത്തുന്നു. | ജൂൺ മുതൽ | H.M. | Sponsor മാധ്യമം ദിനപത്രം | |
| | 9 | മികച്ച വായനക്കാരെക്കൊണ്ട് അസംബ്ലിയിൽ പത്ര പാരായണം നടത്തിക്കുന്നു. വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ലിസ്റ്റ് ക്ലാസ് തലത്തിൽ തയ്യാറാക്കി പത്രത്തിലെ ഒരു പ്രധാന വാർത്ത കൊടുത്ത് വായിക്കാൻ പരിശീലനം കൊടുക്കുകയും. രക്ഷിതാക്കളുടെ സഹായത്താൽ വായിച്ചു പരിശീലിച്ച് പിറ്റേദിവസത്തെ അസംബ്ലിയിൽ വായിക്കാനവസരം കൊടുക്കുന്നു. | | അസംബ്ലി ചുമതലയുള്ള ടീച്ചർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | ക്ലാസ് ലെവൽ അനുസരിച്ച് 1,2 ക്ലാസ് 3,4 ക്ലാസുകൾക്ക് ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് റീഡിംഗ്കാർഡ് പരിചയപ്പെടുത്തി ക്ലാസിലും വീട്ടിൽ രക്ഷിതാക്കളുടെ സഹായത്താൽ വായന പരിശീലിപ്പിക്കൽ. ആശയഗ്രഹണം ഉറപ്പിക്കാൻഅനുബന്ധ ചോദ്യങ്ങൾ അവതരിപ്പിച്ച് ഉത്തരങ്ങൾ കണ്ടെത്തിക്കുന്നു. | | ക്ലാസ് ടീച്ചർ | Sponsorship | 400 |
| | 10 | എല്ലാ മാസവും ക്ലാസ്തല വായനാമത്സരങ്ങൾ നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു | | ക്ലാസ് ടീച്ചർ | Sponsorship | 400 |
| | | ആകെ | | | | 11300 |

| അക്കാദമികം | | | | | | |
|---|---|---|---|---|---|---|
| കഥകളതിസാദരം | | | | ഭാഷാവികസനം | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | Source | Amount |
| | 1 | ക്ലാസ്സിൽ മാസത്തിൽ ഒരു ഗുണപാഠകഥ ആകർഷകമായ രീതിയിൽ അവതരിപ്പിക്കൽ ടീച്ചർ കഥയുടെ ആസ്വാദനം,, കഥാപാത്രം, ആശയഗ്രഹണം എന്നിവ അളക്കുന്നതിനുള്ള ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിക്കൽ.-ചർച്ച -ഗുണപാഠം കണ്ടെത്തി പറയൽ. | ജൂലായ് മുതൽ ഫെബ്രുവരി വരെ | ക്ലാസ് ടീച്ചർ | | |
| | 2 | ഈ കഥകൾ print എടുത്ത് വിതരണം ചെയ്യൽ മാസത്തിൽ ഒരെണ്ണം. | പിറ്റേ ദിവസം | ക്ലാസ് ടീച്ചർ | CPTA | 2500 |
| കഥ കേട്ടും വായിച്ചും കുട്ടികളുടെ സ്വഭാവ രൂപീകരണം നടത്തുന്നതിനും അവരുടെ സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും | 3 | രക്ഷിതാക്കളുടെ സഹായത്തോടെ വീട്ടിൽ വെച്ച് കുട്ടികൾ കഥ വായിക്കുന്നു പറയാൻ പഠിക്കുന്നു. | അടുത്ത ദിവസം | ക്ലാസ് ടീച്ചർ | | |
| | 4 | ഒന്ന്,രണ്ട് ക്ലാസിലെ കുട്ടികൾക്ക് ക്ലാസിൽ കഥ പറയാൻ അവസരം നൽകൽ | അടുത്ത ദിവസം | ക്ലാസ് ടീച്ചർ | | |
| | 5 | കഥാവതരണം ഏറ്റവും നന്നായി നടത്തിയ കുട്ടിയെ തെരഞ്ഞെടുക്കുന്നു. ബാലസഭയിൽ അവതരണം. | അതാതു മാസം | ക്ലാസ് ടീച്ചർ | | |

| | | | | | | |
|---|---|---|---|---|---|---|
| | 6 | 3, 4 ക്ലാസിലെ കുട്ടി കളെക്കൊണ്ട് ക്ലാസിൽ ക ഥയെക്കുറിച്ച് ആസ്വാദന ക്കുറിപ്പ് തയ്യാറാക്കിക്കൽ. | അടുത്ത ദിവസം | ക്ലാസ് ടീച്ചർ | CPTA | 500 |
| | 7 | നല്ല ആസ്വാദനക്കുറിപ്പ് ക്ലാസ് ലൈബ്രറിയിലേക്ക് ക്ലാസ് മാഗസിന്‌ലേക്ക് | അവസാന ആഴ്ച്ച | ക്ലാസ് ടീച്ചർ | CPTA | 1000 |
| | 8 | ക്ലാസ്തലരചനാശില്പശാല ആഴ്ചയിൽ, ടി കഥ ഭാഷയുടെ വ്യവഹാര രൂപങ്ങളായ സംഭാഷണം, ചിത്രരചന, കവിതയാക്കൽ, ......രീതിയിൽ തയ്യാറാക്കൽ. മികച്ചവ സ്കൂൾ മാഗസിനിലേക്ക് ശേഖരിക്കൽ | അടുത്ത ദിവസം | ക്ലാസ് ടീച്ചർ | | |
| | 9 | സ്കൂൾതല രചനാ ശില്പശാല എല്ലാ മാസവും. കഴിവുള്ള മികച്ച കുട്ടികൾക്ക് പ്രാദേശികമായി ലഭിക്കുന്ന പ്രഗദ്ഭരായ സാഹിത്യകാര ന്മാരുടെ സഹായത്താൽ പരിശീലനം. | മാസാവസാനം ശനിയാഴ്ചകളിൽ | കൺവീനർ | PTA | 3000 |
| | 10 | മികച്ചകുട്ടികൾ ടാലന്റ് ലാബ് റജിസ്റ്ററിലേക്ക് - | | | | |

## അക്കാദമികം ഇംഗ്ലീഷ് ഭാഷാ വികസനം

### Speak well

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലം | |
|---|---|---|---|---|---|---|
| | | | | | So[redacted] | Amount |
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യാനുള്ള കഴിവ് നേടൽ (എഴുതാനും വായിക്കാനും സംസാരിക്കാനും) | 1 | English ഭാഷ ഉപയോഗം പരിപോഷിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിനുള്ള കൂടിയാലോചന | മെയ് അവസാനവാരം | SRG | | |
| | 2 | ഐ.സി.ടി. സഹായത്താൽ എല്ലാ ക്ലാസിലും ഇംഗ്ലീഷ് അക്ഷരങ്ങളും,ഫൊണറ്റിക്സും പരിശീലിപ്പിക്കൽ. | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | | |
| | 3 | ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകൾ, സംഭാഷണ വാക്യങ്ങൾ എന്നിവ അർത്ഥ സഹിതം പ്രിന്റ് ചെയ്തു നൽകൽ | ജൂലായ് മുതൽ | ക്ലാസ് ടീച്ചർ | CPTA | 500 |
| | 4 | 1,2 ക്ലാസുകളിലും 3,4 ക്ലാസുകളിലെ ഇംഗ്ലീഷിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും ദൈനംദിന ജീവിതത്തിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് വാക്കുകൾ ഒരുദിവസം 2 വാക്കുകൾ വെച്ച് സ്പെല്ലിംഗും, അർത്ഥവും പഠിക്കൽ. | ജൂലായ് മുതൽ | ക്ലാസ് ടീച്ചർ | | |

| | | | | | |
|---|---|---|---|---|---|
| 5 | ദൈനംദിന ജീവിതത്തിൽ എറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഇംഗ്ലീഷ് സംഭാഷണ വാക്യങ്ങൾ, ചോദ്യങ്ങൾ, ലഘുനിർദ്ദേശങ്ങൾ ലിസ്റ്റു ചെയ്തത് ആഴ്ചയിൽ 2 എണ്ണം വീതം പരിശീലിപ്പിക്കൽ. | ജൂലായ് മുതൽ | ക്ലാസ് ടീച്ചർ | | |
| 6 | ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിച്ച് പ്രതിജ്ഞ, riddle, myself, എന്നിവ പരിശീലിപ്പിക്കൽ | ജൂലായ് മുതൽ | ക്ലാസ് ടീച്ചർ | | |
| 6 | നാലുവരക്കോപ്പിയിൽ പരിശീലനം ലെറ്റേഴ്സ്, വേഡ്സ്, സെന്റൻസുകൾ ഈ രീതിയിൽ | നവംബർ മുതൽ | | | |
| 7 | 3,4 ക്ലാസുകാർക്ക് കഴ്സിവ് റൈറ്റിംഗ് പരിശീലനം ലെറ്റേഴ്സ്, വേഡ്സ് ഈ രീതിയിൽ | നവംബർ മുതൽ | | | |
| 8 | 3,4 ക്ലാസുകാർക്ക് ഇംഗ്ലീഷിലുള്ള diary കൾ പരിചയപ്പെടാൻ അവസരവും എഴുതുന്നതിനുള്ള പരിശീലനവും നൽകൽ | നവംബർ മുതൽ | ക്ലാസ് ടീച്ചർ | | |
| 9 | എല്ലാ വെള്ളിയാഴ്ചയും ഒരു ഭാഷാ പരിപാടി (എല്ലാ ക്ലാസിലും English story, poem, action song etc | | ക്ലാസ് ടീച്ചർ | | |

| | | | | | | |
|---|---|---|---|---|---|---|
| | 10 | English class library ലേക്ക് വായനാ സാമഗ്രികൾ, ലഘു വായനാ പുസ്തകങ്ങൾ ഒരുക്കൽ. | ആഗസ്റ്റ് | ഹെഡ്മാസ്റ്റർ | | 2500 |
| | 11 | ക്ലാസ് ലെവൽ അനുസരിച്ച് 1,2 ക്ലാസ് 3,4 ക്ലാസുകൾക്ക് ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് റീഡിംഗ്കാർഡ് പരിചയപ്പെടുത്തി ക്ലാസിലും വീട്ടിൽ രക്ഷിതാക്കളുടെ സഹായത്താൽ വായന പരിശീലിപ്പിക്കൽ. ആശയഗ്രഹണം ഉറപ്പിക്കാൻഅനുബന്ധ ചോദ്യങ്ങൾ അവതരിപ്പിച്ച് ഉത്തരങ്ങൾ കണ്ടെത്തിക്കുന്നു. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | - | |
| | 12 | ദിനാചരണങ്ങൾ പോലുള്ള പ്രത്യേകപരിപാടികളിൽ കുട്ടികളെ ഇംഗ്ലീഷിൽ സംസാരിക്കാനുള്ള അവസരം ഒരുക്കൽ. | ആഗസ്റ്റ് | ക്ലാസ് ടീച്ചർ | | |
| | 13 | സ്മാർട്ട് ക്ലാസ്മുറികളിലെ മൾട്ടിമീഡിയ സംവിധാനങ്ങളുടെ സഹായം ഉപയോഗപ്പെടുത്തി വീഡിയോകളുടെ സഹായത്താൽ കുട്ടികൾക്ക് ഇംഗ്ലീഷ് സംസാരിക്കുന്നതിന് പരിശീലനം ഒരുക്കൽ | സെപ്തംബർ | ക്ലാസ് ടീച്ചർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | **English Fest** | February | Shamla K U Tr. Std 3 | | |
| | | ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി തയാറാക്കിയ ഉൽപന്നങ്ങൾ ഉപയോഗിച്ച് ഇംഗ്ലീഷ് മാഗസിൻ | February last week | Shahna A Sayed- Tr. Std 4 | | |
| | | | | | | **3000** |

അക്കാദമികം

ഗണിതം മധുരം — ഗണിതശേഷീവികസനം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം Source | Amount |
|---|---|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകി മുൻനിരയിലെത്തിക്കൽ. | 1 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിന് Pre - test നടത്തുന്നതുമായി ബന്ധപ്പെട്ട് SRG യോഗം കൂടുന്നു. | ജൂൺ | SRG | | |
| | 2 | Tool തയ്യാറാക്കൽ | ജൂൺ 25-30 | ക്ലാസ് ടീച്ചർ | | |
| | 3 | Pre – tets നടത്തൽ | ജൂൺ 5 - 30 വരെ | ക്ലാസ് ടീച്ചർ | P.T.A | 200 |
| | 4 | കണ്ടെത്തിയ കുട്ടികൾക്ക് ഗണിത പഠന ശേഷി ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ- **ഉണരാം ഉയരാം-** | ജൂലൈ 1 മുതൽ | ക്ലാസ് അദ്ധ്യാപകർ, കുട്ടികൾ, P.T.A. | C.P.T.A | 1500 |
| കുട്ടികളിൽ ഗണിത പഠന നേട്ടങ്ങൾ ഉറപ്പാക്കുന്നതിന്. | 5 | ക്ലാസ്തല പഠനോപകരണ നിർമ്മാണം ഗണിതമൂല തയ്യാറാക്കൽ | | | | |
| | | മൾട്ടിമീഡിയയുടെ സഹായത്തോടെ കുട്ടികളിൽ സംഖ്യാബോധം, സ്ഥാനവില, ചതുഷ്ക്രിയകൾ എന്നിവക്കുള്ള പരിശീലനം കൊടുക്കൽ. | | | | |
| | 7 | ഗണിതപ്പാട്ട്, കഥ, കളികൾ എന്നിവയിലൂടെ ആശയം ഉ[illegible] | | | | |

| | | | | | | |
|---|---|---|---|---|---|---|
| | 8 | ഒറിഗാമി ക്ലാസ് | | | | |
| | 9 | ഗണിതക്കിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് കുട്ടികളിൽ സ്ഥാന വിലകൾ ഉറപ്പിക്കൽ | ജൂലൈ ഫെബ്രുവരി | ക്ലാസ് ടീച്ചർ | | |
| | 10 | ഒന്ന്,രണ്ട് ക്ലാസുകളിൽ സങ്കലനപ്പട്ടിക ഹൃദിസ്ഥമാക്കൽ, 3,4ക്ലാസുകളിൽ ഗുണനപ്പട്ടികയും.. ഇതിനു പ്രത്യേകം പരിശീലനം നൽകൽ | ജൂലൈ ഫെബ്രുവരി | ക്ലാസ് ടീച്ചർ | | |
| | 11 | അനുയോജ്യരായ റിസോഴ്സുകളെ ഉൾപ്പെടുത്തി എല്ലാമാസവും ശില്പശാലകൾ സംഘടിപ്പിക്കുന്നു. | മാസത്തിലൊരിക്കൽ | | PTA | 2500 |
| | 12 | കുട്ടികളെ വിലയിരുത്തൽ. | | ക്ലാസ് ടീച്ചർ | PTA | 300 |
| | | ആകെ | | | | 4500 |

ശാസ്ത്രപോഷണപരിപാടി

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകല | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| ശാസ്ത്ര പഠനത്തിൽ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവ മറികടക്കുന്നതിനും കുട്ടിയുടെ പ്രകൃതം (ജിജ്ഞാസ, കൗതുകം) ഉപയോഗപ്പെടുത്തി ശാസ്ത്ര പഠനം കാര്യക്ഷമമാക്കുന്നതിന് | 1 | ഒന്നുമുതൽ നാല് വരെ പഠനത്തിന് സഹായകമായ ശാസ്ത്ര മൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റിരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ആഗസ്റ്റ് 1 മുതൽ | ക്ലാസ് ടീച്ചർ | | |
| | 2 | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ വാങ്ങേണ്ടവ നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ | ആഗസ്റ്റ് 20 മുതൽ | ക്ലാസ് ടീച്ചർ | | |
| | 3 | ഓരോക്ലാസിനും നടത്തേണ്ട പരീക്ഷണങ്ങൾ തയ്യാറാക്കി ലിസ്റ്റുചെയ്യൽ.സാമഗ്രികൾ വാങ്ങൽ | സെപ്തംബർ അവസാനം | ക്ലാസ് ടീച്ചർ | C.P.T.A | |
| | 4 | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ലഘുപരീക്ഷണങ്ങൾ സ്വയം ചെയ്യാൻ പരിശീലനം നൽകൽ. | | H.M./SRG Convenor | | 2500 |
| | 5 | പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശിൽപശാല, സ്കൂൾ പഠനോപകരണശിൽപശാല എന്നിവ സംഘടിപ്പിക്കൽ. | സെപ്തംബർ അവസാനം | P.T.A/ H.M. | | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | 6 | ശാസ്ത്രമൂലയിൽ ഉപകരണങ്ങൾ ക്രമീകരിക്കാനാവശ്യമായ സംവിധാനം **Aluminium Fabricarion** അലമാര 4 ക്ലാസ്മുറികളിൽ | ഒക്ടോബർ | ഫെബ്രുവരി അവസാന വാരം | | 8000 |
| | 7 | ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനനുസരിച്ച് വാങ്ങൽ | ജനുവരി | H.M./SRG Convenor/PTA | PTA | 1500 |
| | 8 | ലോക്കൽ റിസോഴ്സിനെ പങ്കെടുപ്പിച്ച് ശാസ്ത്ര പരീക്ഷണക്ലാസുകൾ സംഘടിപ്പിക്കൽ സയൻസ് സെന്റർ സന്ദർശനം (3,4 ക്ലാസുകൾക്ക്) | നവംബർ ആദ്യവാരം | 3,4 ക്ലാസ് ടീച്ചർ | PTA | 2500 |
| | | ആകെ | | | | 16500 |

അക്കാദമികം

ഹൽവ അറബി — അറബിഭാഷാ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| അറബി വിഷയത്തിൽ പിന്നോക്കക്കാരായ കുട്ടികളെ സാമാന്യ നിലവാരത്തിലെത്തിക്കുന്നതിന് | 1 | അറബി പഠിക്കുന്ന കുട്ടികളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ | ജൂലൈ 1 മുതൽ | ഹഫ്സ യു.കെ. അറബിക് ടീച്ചർ | | 1000 |
| | 2 | ആഴ്ചയിൽ ഒരു ദിവസം അറബിഅസംബ്ലി- വാർത്ത, പ്രതിജ്ഞ, Self introduction എന്നിവ അവതരണം | ആഗസ്റ്റ് 1 മുതൽ | ഹഫ്സ യു.കെ. അറബിക് ടീച്ചർ | | |
| അറബി ഭാഷയിൽ എഴുതാനും വായിക്കാനും സംസാരിക്കാനും കഴിവു നേടൽ | 3 | അറബിക് കഥ, കവിത, ഗാനം, പദനിർമാണം, ഖുർആൻ പാരായണം ക്വിസ് തുടങ്ങിയവയിൽ പരിശീലനം | ആഗസ്റ്റ് 1 മുതൽ | ഹഫ്സ യു.കെ. അറബിക് ടീച്ചർ | | |
| | 4 | അറബി ദിനാചരണം | | ഹഫ്സ യു.കെ. അറബിക് ടീച്ചർ | | 500 |
| | 5 | അറബി കലോത്സവങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കൽ പ്രത്യേകം പരിശീലനം | | ഹഫ്സ യു.കെ. അറബിക് ടീച്ചർ | | 500 |

## കലാപഠനം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| എല്ലാ കുട്ടികൾക്കും കലാപരമായ കഴിവുകൾ വികസിപ്പിക്കൽ | 1 | പ്രീപ്രൈമറി മുതൽ എല്ലാക്ലാസിലും റേഡിയോ, വീഡിയോ മറ്റു സഹായത്താൽ കവിതയോ, കുട്ടിക്കവിതയോ, ആക്ഷൻസോങ്ങോ കേൾക്കാനവസരം നൽകി പഠിപ്പിക്കുക. ഒരാഴ്ച മുഴുവൻ ഒഴിവുസമയങ്ങളിൽ അത് പരിശീലിപ്പിക്കുക. നന്നായി അവതരിപ്പിക്കുന്നവർ ക്ലാസ്തല, സ്കൂൾതല ബാലസഭയിൽ അവതരിപ്പിക്കുന്നു. | ജൂലൈ മുതൽ ഫെബ്രുവരി | ക്ലാസ് ടീച്ചർ | | |
| | 2 | മുഴുവൻ കുട്ടികൾക്കും പാട്ട് പഠിക്കുന്നതിനായി സംഗീതാധ്യാപകൻ (ആഴ്ചയിൽ) | ജൂലൈ മുതൽ ഫെബ്രുവരി | H.M/ class teacher's | P.T.A | 20000 |

| | | | | | | |
|---|---|---|---|---|---|---|
| | 2 | ചിത്രകലാപഠനത്തിനായി ചിത്രകലാദ്ധ്യാപകന്റെ സേവനം ഉറപ്പാക്കൽ.<br>അല്ലെങ്കിൽ എല്ലാക്ലാസിലും ഓഡിയോ, വീഡിയോ മറ്റു സഹായത്താൽ ചിത്രകലാപഠന ക്ലാസുകൾ കാണിച്ച് പരിശീലനം നൽകൽ | ജൂലൈ മുതൽ | | | 20000 |
| | 3 | ആഴ്ചയിൽ ഒരു ദിവസം എല്ലാക്ലാസിലും ചിത്രരചന, സംഗീതം,വർക്ക്എക്സ് പീരിയൻസിനായി ഒരു പിരീഡ്. | ജൂലൈ മുതൽ | Sajith TA<br>Headmaster | | |
| | 4 | കുട്ടികളുടെ കലാപരമായ കഴിവുണർത്തുന്നതിനായി എല്ലാമാസവുംശനിയാഴ്ച കളിൽ ലോക്കൽ റിസോഴ്സുകളുടെ നേതൃത്വത്തിൽ ശില്പശാലകൾ. | എല്ലാമാസവും | PTA | | 10000 |
| | 5 | ആഴ്ചയിൽ ഒരു ദിവസം മുഴുവൻ കുട്ടികൾക്കും നൃത്തപഠനത്തിനായി പ്രത്യേകം പരിജ്ഞാനമുള്ളവരുടെ സേവനം ഉറപ്പാക്കൽ | ജൂലൈ മുതൽ | | | 20000 |

| | | | | | | |
|---|---|---|---|---|---|---|
| | 6 | പഠിച്ച് പാട്ടുകൾ കുട്ടികൾക്ക് ബാലസഭ, ദിനാചരണങ്ങൾ എന്നിവയുടെ ഭാഗമായി അവതരിപ്പിക്കാൻ അവസരം | എല്ലാ മാസാവസാനവും | ക്ലാസ് ടീച്ചർ | | |
| | 7 | സ്കൂൾ കലോത്സവത്തിൽ മികച്ച പങ്കാളിത്തം ഉറപ്പു വരുത്തൽ. പരിശീലനം. | ജൂലൈ മുതൽ ഡിസംബർ | Bini K.M. Tr. Std 1 | | 2000 |
| | 8 | സ്കൂൾ വാർഷികത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും പങ്കെടുപ്പിച്ചുള്ള കലാപരിപാടികൾ. | ഫെബ്രുവരി അവസാന വാരം | P.T.A | P.T.A | 10000 |
| | 9 | സ്കൂൾ വാർഷികത്തിൽ കലാപരിപാടികളിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും സമ്മാനം നൽകൽ | ഫെബ്രുവരി അവസാന വാരം | P.T.A | മുൻസിപ്പാലിറ്റി ഫണ്ട് | 5000 |
| | | ആകെ | | | | 87000 |

കായിക പഠനം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| മുഴുവൻ കുട്ടികൾക്കും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും ആരോഗ്യപരമായ ശീലങ്ങൾ പാലിക്കാൻ പ്രാപ്തരാക്കുന്നതിനും | 1 | സ്കൂൾ Assembly ൽ വ്യായാമം ചെയ്യിക്കൽ | ജൂൺ മുതൽ | Shahna A Sayed- Tr. Std 4 | | |
| | 2 | P.T. ക്കായി ആഴ്ചയിൽ രണ്ടു പിരീഡ് | July മുതൽ | ക്ലാസ് ടീച്ചർ | | |
| | 3 | കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കളിയുപകരണങ്ങളും കായികോപകരണങ്ങളും ലഭ്യമാക്കൽ [Skipping rope, snaket ladder, chess, carrom board, ball, ring, Flying disc, shuttle, net, etc] | August മുതൽ | H.M & PTA | | 10000 |
| | 4 | ആഴ്ചയിൽ രണ്ടുദിവസം കായികവിദ്യാഭ്യാസത്തിനായി പ്രത്യേകം അദ്ധ്യാപകന്റെ സേവനം ഉറപ്പാക്കൽ. | ജൂൺ മുതൽ | SSA | Municipality | 10000 |
| | 5 | ആഴ്ചയിലൊരിക്കൽ യോഗ പരിശീലനം. പ്രത്യേക പരിശീലകന്റെ സേവനം. | July മുതൽ March | | Municipality | 10000 |

| | | | | | | |
|---|---|---|---|---|---|---|
| | 6 | എല്ലാദിവസവും ക്ലാസ് ആരംഭത്തിനു മുൻപായി ഏകാഗ്രത വർദ്ധിപ്പിക്കുന്നതിന് ധ്യാനം(Silent sitting). Breathing excercise പരിശീലിപ്പിക്കൽ. | June 21 | Class Tr. | | |
| | | ആകെ | | | | 30000 |

## എന്നെയറിയാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| കുട്ടികളുടെ സ്വഭാവം, പഠന നിലവാരം, ശീലങ്ങൾ എന്നിവയുടെ രൂപീകരി ക്കുന്നതിനും കുട്ടികളെ ഉത്തമ പൗരന്മാരാക്കുന്നതിനും | 1 | .എസ്.ആർ.ജി. യോഗം കൂടിയാലോചിക്കുക. | മെയ് | ക്ലാസധ്യാപകർ | | |
| | 2 | കുട്ടികൾ ചെയ്യുന്ന കാര്യങ്ങൾ സ്വയം വിശകലനം ചെയ്യുന്നതിന് ക്ലാസ്സിൽ മാർക്കിടാൻ തീരുമാനിക്കുന്നു. മേഖലകൾ നിശ്ചയിക്കുന്നു. | ജൂലൈ | ക്ലാസധ്യാപകർ | | |
| | 3 | സി.പി.ടി.എ. യോഗത്തിൽ രക്ഷിതാവിന്റെ പങ്കാളിത്തം, സ്വഭാവം, പഠനം, വീട്ടിലെ കുട്ടിയുടെ പെരുമാറ്റ മര്യാദകൾ തുടങ്ങി മേഖലകളിൽ മാർക്കിടാൻ തീരുമാനിക്കുന്നു. | ജൂലൈ മുതൽ | രക്ഷിതാവ് | | |
| | 4 | സി.പി.ടി.എ. യോഗം ചേർന്ന് രക്ഷിതാവിനെ ബോധവൽക്കരിക്കൽ, വീട്ടിൽ വെച്ച് മാർക്കിടേണ്ടവ മനസ്സിലാക്കൽ പ്രൊഫോർമ നൽകൽ | ജൂലൈ | ക്ലാസധ്യാപകർ ഹെഡ്മാസ്റ്റർ | പി.ടി.എ. 3000 | 3000 |

| | | | | | | |
|---|---|---|---|---|---|---|
| | 5 | ഓരോ മാസത്തേയും മാർക്ക് കൂട്ടിനോക്കി വാർഷികത്തിന് മികച്ച മാർക്ക് നേടിയ കുട്ടിയെ അഭിനന്ദിക്കൽ, സമ്മാനം നൽകൽ | മാർച്ച് | ക്ലാസധ്യാപകർ, ഹെഡ്മാസ്റ്റർ | സ്കൂൾ മാനേജ്മെന്റ് | 1000 |
| | | ആകെ | | | | 4000 |

| ജന്മദിനത്തിനൊരു സമ്മാനം | | | | | | അക്കാദമികം |
|---|---|---|---|---|---|---|
| കുട്ടികളുയെ ജന്മദിനത്തിൽ കൂട്ടുകാരുടെ വക ആശംസ | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകല | |
| | | | | | Source | Amount |
| കൂട്ടുകാരുടെ ജന്മദിനാഘോഷത്തിൽ പങ്കുചേരുന്നതിനും പരസ്പരം സ്നേഹം പങ്കുവെക്കൽ. | 1 | ക്ലാസ്സിൽ ബർത്ത്ഡേ ട്രീ തയ്യാറാക്കി പ്രദർശിപ്പിക്കൽ | ജൂൺ ആദ്യവാരം | ക്ലാസ്സ് ടീച്ചർ | | |
| | 2 | ജനനത്തിയതിയുടെ അടിസ്ഥാനത്തിൽ ക്ലാസ്സിലെ കുട്ടികളുടെ ജനന തിയതി നോക്കി ക്രമീകരിക്കൽ | ജൂൺ ആദ്യവാരം | ക്ലാസ്സ് ടീച്ചർ | | |
| | 3 | ഓരോ മാസത്തിലും വരുന്ന കുട്ടികളുടെ ജനനത്തിയതി ക്ലാസ്സിൽ രേഖപ്പെടുത്തൽ | ജൂൺ ആദ്യവാരം | ക്ലാസ്സ് ടീച്ചർ | | |
| | 4 | ജന്മദിന ദിവസത്തിൽ കുട്ടികളെ അസംബ്ലിയിൽ ഹെഡ്മാസ്റ്റർ ബെർത്ത് ഡേ തൊപി അണിയിച്ച് കുട്ടികളുമായി ചേർന്ന് ബെർത്ത് ഡേ വിഷസ് നേർന്ന് ലഘു സമ്മാനം നൽകൽ. | | ഹെഡ്മാസ്റ്റർ | P.T.A | 2000 |
| | | ആകെ | | | | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | അക്കാദമികം | |
| വിജ്ഞാനച്ചെപ്പ് | | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | Source | Amount |
| കുട്ടികളിൽ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന, പിന്നോക്കക്കാരായ കുട്ടികൾക്ക് അധിക പ്രവർത്തനങ്ങൾ നൽകുക, കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, കുട്ടികളെ വിവിധ ക്വിസ് മത്സരങ്ങൾക്ക് സജ്ജരാക്കുക | 1 | പൊതു വിജ്ഞാനം ലഭിക്കുന്നതിനായി കുട്ടികൾ അിറഞ്ഞിരിക്കേണ്ട വിവരങ്ങൾ ഉൾക്കൊള്ളിച്ച് എല്ലാദിവസവും ഒന്നോ രണ്ടോ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും പഠിക്കാനായി നൽകുന്നു. | ജൂൺ 19 മുതൽ മാർച്ച് വരെ | Shamla K U Tr. Std 3 | PTA | 1000 |
| | 2 | മാസാന്ത്യത്തിൽ ഈ ചോദ്യങ്ങൾ ഉൾക്കൊള്ളിച്ച് ക്വിസ് മത്സരം നടത്തുന്നു. വിജയികൾക്ക് പുസ്തകം സമ്മാനം നൽകുന്നു, | എല്ലാമാസാവസാനവും | Shamla K U Tr. Std 3 | STAFF | 100 |
| | 3 | വർഷാവസാനം മെഗാക്വിസ് നടത്തുന്നു. സ്കൂൾ വാർഷികത്തിന് മെഗാസമ്മാനം നൽകുന്നു. | എല്ലാമാസാവസാനവും | Shamla K U Tr. Std 3 | Management | 500 |
| | | അക്കാദമികം | | | | 1600 |

സാമൂഹികം

ഒരു തൈ നടാം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| കുട്ടികളിലും മുതിർന്നവരിലും ഫലവൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിനും പരിപാലിക്കുന്നതിനുമുള്ള മനോഭാവം ഉണ്ടാക്കുന്നതിന്. വളർച്ചാഘട്ടങ്ങൾ കുട്ടികൾ രേഖപ്പെടുത്തുന്നു. | 1 | [illegible] | മെയ് | സി.പി.ടി.എ | | |
| | 2 | വീട്ടിലേക്കാവശ്യമായ ഫലവൃക്ഷത്തൈകളോ വേപ്പിൻതൈപോലുള്ള മറ്റുമരങ്ങളോ ലോകപരിസരദിനത്തിൽ വീടുകളിൽ കുട്ടികളോടൊപ്പം നട്ടുവളർത്തൽ | ജൂൺ 5 | ക്ലാസ്സ് ടീച്ചർ | | |
| | 3 | ലോകപരിസരദിനത്തോടനുബന്ധിച്ച് വിദ്യാലയത്തിൽ ഫലവൃക്ഷത്തൈകൾ നടൽ ഉദ്ഘാടനം നടത്തൽ | ജൂൺ 5 | 3,4 ക്ലാസ്സ് ടീച്ചർ | | |
| | 4 | വളർച്ച പരിപാലന രേഖപ്പെടുത്തിലാവശ്യമായ പ്രിന്റഡ് നോട്ടീസ് വിതരണം | ജൂൺ | ക്ലാസ്സ് ടീച്ചർ | | |
| | 5 | അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും സംഘം മാസത്തിൽ വിലയിരുന്നു. സി.പി.ടി.എ. യിൽ. | ആഗസ്റ്റ് | C.P.T.A | | |
| | 6 | ഗൃഹസന്ദർശനം നിരീക്ഷിച്ച് വിലയിരുത്തൽ | സെപ്റ്റം ബർ- ഡിസംബർ | P.T.A | | |
| | 8 | ഏറ്റവും നന്നായി പരിപാലിച്ച് രേഖപ്പെടുത്തിയ കുട്ടികളെയും രക്ഷിതാക്കളെയും തെരഞ്ഞെടുക്കൽ | ഫെബ്രുവ രി അവസാന വാരം | P.T.A | | |
| | 9 | വാർഷികാഘോഷത്തിനും അനുമോദനം സമ്മാനങ്ങൾ നൽകൽ | ആഗസ്റ്റ് | P.T.A | P.T.A | 1500 |
| | | ആകെ | | | | 1500 |

ജൈവ പച്ചക്കറിത്തോട്ടം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| കുട്ടികളിലും രക്ഷിതാക്കളിലും കൃഷി സംസ്കാരം എന്ന അവബോധമുണ്ടാക്കി കൃഷിയെ പ്രോത്സാഹിപ്പിക്കുക.വിഷ രഹിത പച്ചക്കറി ഉപയോഗം വളർത്തുക.സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ ജൈവ വിഷരഹിതപച്ചക്കറികൾ ഉൾപ്പെടുത്തുക | 1 | SRG യോഗം കൂടി ജൈവ പച്ചക്കറിത്തോട്ടത്തെക്കുറിച്ച് ആലോചന എസ് ആർ.ജി. യിൽ ചർച്ച. | മെയ് 2 | HM | | |
| | 2 | കൃഷിക്കാവശ്യമായ സ്ഥലം ഒരുക്കൽ | മെയ് രണ്ടാംവാരം | HM | കൃഷിഭവൻ | 1500 |
| | 3 | സ്കൂൾ കാർഷിക ക്ലബ്ബ് രൂപീകരണം. പച്ചക്കറിവിത്തുകൾ തൈകൾ ശേഖരണം, നടൽ കുട്ടികളുടെ സഹായത്തോടെയുള്ള പരിപാലനം. വിളവുകൾ സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിലേക്ക് | ജൂൺ മുതൽ മാർച്ച് വരെ | HAFSA U.K. Arabic Tr. | കൃഷിഭവൻ | 15000 |
| | 4 | വീട്ടിലെ പച്ചക്കറിത്തോട്ടത്തിലേക്കുള്ള വിത്ത് വിതരണം | ആഗസ്റ്റ് | കൃഷിഭവൻ | കൃഷിഭവൻ | |
| | 5 | CPTA യിൽ പച്ചക്കറിത്തോട്ടത്തെക്കുറിച്ചുള്ള വിലയിരുത്തൽ. ഗൃഹസന്ദർശനം | ഒക്ടോബർ- ഫെബ്രുവരി | അധ്യാപകർ, PTA | PTA | 500 |
| | 6 | മികച്ച് പച്ചക്കറിത്തോട്ടം തെരഞ്ഞെടുക്കൽ, സ്കൂൾ വാർഷികത്തിൽ പ്രോൽസാഹന സമ്മാനം നൽകൽ (മികച്ച 10 പേർക്ക്)ഏറ്റവും മികച്ചതോട്ടത്തിന്റെ ഉടമയ്ക്ക് കർഷകശ്രീ അവാർഡ് നൽകി ആദരിക്കൽ | ഒക്ടോബർ- ഫെബ്രുവരി | PTA | മാനേജ്മെന്റ് | 1500 |
| | | ആകെ | | | | 18500 |

| സാമൂഹികം | | | | | | |
|---|---|---|---|---|---|---|
| ഗ്രീൻ ക്ലീൻ | (പ്ലാസ്റ്റിക് മാലിന്യ വിമുക്ത വിദ്യാലയം ശുചിത്വ വിദ്യാലയം) | | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലം | |
| | | | | | Source | Amount |
| പ്ലാസ്റ്റിക് മാലിന്യ വിമുക്ത വിദ്യാലയം ശുചിത്വ വിദ്യാലയം | 1 | സ്കൂൾ ക്യാമ്പസിൽ പ്ലാസ്റ്റിക് കിറ്റുകൾ നിരോധിച്ചു. | ജൂൺ മാസം | ഹെഡ്മാസ്റ്റർ | | |
| | 2 | ഉച്ചഭക്ഷണത്തിനായി കുട്ടികൾ പ്ലാസ്റ്റിക് പാത്രങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പു വരുത്തൽ. ശുചിത്വബോധം വീട്ടിലും പരിസരത്തേക്കും വ്യാപിപ്പിക്കൽ | ആഗസ്റ്റ് | P.T.A & H.M. | | |
| | 3 | കുട്ടികൾക്കും, രക്ഷിതാക്കൾക്കും ഗ്രീൻ പ്രോട്ടോക്കോൾ ബോധവത്കരണ ക്ലാസ് | ജൂലായ് | ശുചിത്വമിഷൻ | PTA | 250 |
| | 4 | പ്ലാസ്റ്റിക് കിറ്റുകൾക്ക് പകരം ഉപയോഗിക്കാവുന്ന തുണി സഞ്ചി നിർമ്മാണം, പരിശീലനം. | ജൂലായ് | P.T.A, H.M & School Management | മുൻസിപ്പാലിറ്റി ഫണ്ട്. | 5000 |
| | 5 | തുണി സഞ്ചികൾ മുഴുവൻ കുട്ടികൾക്കും വിതരണം | സെപ്തംബർ | P.T.A, H.M & School Management | മുൻസിപ്പാലിറ്റി ഫണ്ട്. | 6000 |
| | 6 | വെള്ളം കുടിക്കുന്നതിനായി കുട്ടികൾ പ്ലാസ്റ്റിക് കുപ്പികൾ കൊണ്ടുവരുന്നത് ഒഴിവാക്കാനും, ബാഗിന്റെ ഭാരംകുറക്കാനും എല്ലാക്ലാസിലും സ്റ്റീൽ പാത്രത്തിൽ കുടിവെള്ളസംവിധാനം ഏർപ്പെടുത്തൽ. | ആഗസ്റ്റ് | P.T.A, H.M & School Management | മുൻസിപ്പാലിറ്റി ഫണ്ട്. | 8000 |

| | | | | | | |
|---|---|---|---|---|---|---|
| കുട്ടികൾക്കും, രക്ഷിതാക്കൾക്കും ശുചിത്വാവബോധം ഉണ്ടാക്കി നാടിനെ പ്ലാസ്റ്റിക് പ്ലാസ്റ്റിക്'ഇതര മാലിന്യത്തിൽ നിന്നും മോചിപ്പിക്കാൻ. | 7 | പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കാൻ പ്രത്യേകം വേസ്റ്റ് ബിൻ സ്ഥാപിക്കൽ | ജൂൺ മുതൽ | P.T.A, H.M & School Management | മാനേജ്മെന്റ് | 1000 |
| | 8 | കുട്ടികളുടെ ശുചിത്വസേന രൂപീകരിച്ച് വിദ്യാലയ പരിസരം ദിവസവും വൃത്തിയാക്കൽ | ജൂലൈ മുതൽ | Shahna A Sayed- Tr. Std 4 | | |
| | 9 | ആഴ്ച്ചയിലൊരു ദിവസം (ഡ്രൈ) ഡ്രൈഡേ ആചരിക്കൽ | ജൂലൈ മുതൽ | Shahna A Sayed- Tr. Std 4 | | |
| | | ആകെ | | | | 20250 |

## അക്കാദമികം

### ദിനാചരണങ്ങൾ

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| ഓരോ ദിനങ്ങളുടെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിന്, അറിവു നേടുന്നതിന്. | 1 | ദിനാചരണക്കലണ്ടർ തയ്യാറാക്കൽ, സ്കൂൾതല ആസൂത്രണം. (പോസ്റ്റർ തയ്യാറാക്കൽ, വീഡിയോ പ്രദർശനം നടത്തൽ etc..) | മെയ് 25 | എസ് ആർ ജി കൺവീനർ | SSA | 250 |
| | 2 | ഓരോ ദിനാചരണങ്ങളിലും അതാതു ക്ലാസുകളിൽ ദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി അനുബന്ധ വീഡിയോ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ | | |
| | 3 | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് ക്ലാസ് തലത്തിൽ പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം, നിർമ്മാണം, അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നു. | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് | ക്ലാസ് ടീച്ചർ | | 250 |
| | 4 | ഓരോ ദിനാചരണത്തെ ആസ്പദമാക്കി ക്വിസ് മത്സരങ്ങൾ നടത്തൽ. വിജയികൾക്ക് സമ്മാനം കൊടുക്കൽ. | ഓരോ ദിനാചരണവുമായി ബന്ധപ്പെട്ട് | എസ് ആർ ജി കൺവീനർ | CPTA | 500 |
| | | ആകെ | | | | **1000** |

| SRG ശാക്തീകരണം | | | | | | അക്കാദമികം |
|---|---|---|---|---|---|---|
| ഒരുക്കം | | | | | | |
| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലം | |
| | | | | | Source | Amount |
| ക്ലാസ് റൂം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉതകുന്ന തരത്തിലുള്ള പിന്തുണാ സംവിധാനം ഒരുക്കുക. ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ആവശ്യമായ material കൾ lits ചെയ്ത് അവയുടെ ലഭ്യത ഉറപ്പാക്കൽ.meeting SRG കാര്യക്ഷമമാക്കൽ I T അധിഷ്ഠിത പഠനത്തിനായി അധ്യാപകർക്കാവശ്യമായ പരിശീലനം നൽകൽ | 1 | SRG യോഗം എങ്ങനെ ശക്തിപ്പെടുത്താം എന്നതിനെക്കുറിച്ച് അവധിക്കാല SRG Planning | മെയ് | SRG | | |
| | 2 | എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 4 മണിമുതൽ 5.30 വരെ കൂടിയാലോചനായോഗം ചേരുന്നു | June മുതൽ | SRG Convenor | | |
| | 3 | പാഠഭാഗത്തെ ICTസാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ക്ലാസ്തല ആസൂത്രണം. | May | ക്ലാസ് ടീച്ചർ | | |
| | 4 | ക്ലാസ്തല ICT സാധ്യത പ്രയോജന പ്പെടുത്താൻ എല്ലാ ക്ലാസിലും Laptop | June | ക്ലാസ് ടീച്ചർ | Class Trs. | |
| | 5 | മാർച്ച് അവസാന വാരത്തിൽ വർഷാന്ത്യ അവലോകനവും വിലയിരുത്തലും. | March 31 | SRG Convenor | | |
| | | ആകെ | | | | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാമൂഹികം | | | | | | |
| പി.ടി.എ./സി.പി.ടി.എ ശാക്തീകരണം | | | | | | |
| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | Source | Amount |
| പി.ടി.എ./സി.പി.ടി.എ ശാക്തീകരിച്ച് കുട്ടികളുടെ പഠനം എളുപ്പമാക്കി സ്കൂൾ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്. | 1 | സ്കൂൾ തുറക്കുന്നതിനു മുൻപായി പി.ടി.എ./ സി.പി.ടി.എ വിളിച്ചുചേർത്ത് സ്കൂൾ പദ്ധതി,നടപ്പുവർഷത്തെ പരിപാടികൾ വിശദീകരിച്ച് ആവശ്യമാ പിന്തുണാസഹായങ്ങൾ ഉറപ്പാക്കൽ. | മെയ് 25 | ഹെഡ്മാസ്റ്റർ | | |
| | 2 | കുട്ടികളുടെ പഠനം, ആരോഗ്യം, ഭക്ഷണം, ശുചിത്വം, സ്വഭാവശീലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്കരണക്ലാസുകൾ സംഘടിപ്പിക്കൽ.അനുബന്ധപരിശീലനങ്ങൾ നടത്തൽ. | ജൂൺ മുതൽ ഫെബ്രുവരി വരെ | P.T.A & H.M. | പി.ടി.എ | 2500 |
| രക്ഷാകർതൃ ശാക്തീകരണം | 3 | മാസത്തിലെ ആദ്യ വാരത്തിൽ സി.പി.ടി.എ. കൂടി കുട്ടികളുടെ പഠന വിവരങ്ങൾ, മികവുകൾ, പോരായ്മകൾ എന്നിവ രക്ഷിതാക്കളെ അറിയിച്ച് പഠനത്തിനാവശ്യമായ നിർദ്ദേശങ്ങളും സഹായവും ചെയ്യുന്നു. | എല്ലാ മാസവും ആദ്യവാരം | ക്ലാസ്സ് ടീച്ചർ | | |
| | 4 | കുട്ടികൾക്കാവശ്യമായ പഠനോപകരണനിർമ്മാണം രക്ഷിതാക്കളെ പരിചയപ്പെടുത്തുന്നു. പഠനത്തിൽ കുട്ടികളെ എങ്ങിനെ സഹായിക്കാം എന്നും പ്രത്യേകം പരിശീലനം നൽകൽ. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | പി.ടി.എ | 2500 |
| | 5 | പി.ടി.എ. കൂടി അക്കാദമികവും അക്കാദമികേതരവുമായ കാര്യങ്ങൾ ചർച്ച ചെയ്ത് സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നു. | എല്ലാ മാസവും | P.T.A & H.M. | | |

| | | | | | | |
|---|---|---|---|---|---|---|
| | 6 | പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് പഠനത്തിൽ കുട്ടികളെ സഹായിക്കാൻ പ്രത്യേകം ക്ലാസുകൾ. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | | |
| ഗൃഹസന്ദർശനം | 7 | പി.ടി.എ./സി.പി.ടി.എ എന്നിവയിൽ രക്ഷിതാക്കൾക്ക് പങ്കെടുക്കാൻ കഴിയാത്ത കുട്ടികളുടെയും പഠനത്തിൽ പിന്നാക്കക്കാരായ കുട്ടികളുടെയും വീടുകൾ സന്ദർശിച്ച് കുട്ടിക്കാവശ്യമായ പഠനാന്തരീക്ഷം ഉറപ്പാക്കുക. | ആഗസ്റ്റ്-നവംബർ | ക്ലാസ്സ് ടീച്ചർ | | |
| | | ആകെ | | | | 5000 |

## സാമൂഹിക പങ്കാളിത്തം

### ആഘോഷം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| ആഘോഷങ്ങൾ ജനകീയമാക്കൽ. രക്ഷിതാക്കൾ, പൂർവ്വവിദ്യാർഥികൾ, പൂർവ്വ അദ്ധ്യാപകർ, മാനേജ്മെന്റ്,അഭ്യുദയകാംക്ഷികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കൽ | 1 | ഓണം, ക്രിസ്തുമസ്, റംസാൻ എന്നിവ രക്ഷിതാക്കളുടെ സാന്നിധ്യത്തിൽ വിപുലമായി ആഘോഷിക്കൽ | | P.T.A & H.M. | P.T.A | 15000 |
| | 2 | സ്വാതന്ത്ര്യദിനം, ഗാന്ധി ജയന്തി, ശിശുദിനം, റിപ്പബ്ലിക് ദിനം ഇവ വിപുലമായി ആഘോഷിക്കൽ. | | P.T.A & H.M. | മുൻസിപ്പാലിറ്റി ഫണ്ട്. | 5000 |
| | 3 | സ്കൂൾ വാർഷികവും അധ്യാപക രക്ഷകർതൃ ദിനവും സമുചിതമായി ആഘോഷിക്കൽ. മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി വിവിധ കലാപരിപാടികൾ സംഘടിപ്പിക്കൽ.. പ്രതിഭകളെ അനുമോദിക്കൽ | ഫെബ്രുവരി അവസാന വാരം | P.T.A & H.M. | P.T.A | 10000 |
| | 4 | സ്കൂൾ വാർഷികവും അധ്യാപക രക്ഷകർതൃ ദിനവും സമുചിതമായി ആഘോഷിക്കൽ.പൂർവ്വവിദ്യാർഥികൾ, പൂർവ്വ അദ്ധ്യാപകർ, മാനേജ്മെന്റ്,അഭ്യുദയകാംക്ഷികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കൽ | ഫെബ്രുവരി അവസാന വാരം | P.T.A & H.M. | മാനേജ്മെന്റ് | 5000 |
| | | ആകെ | | | | 35000 |

സാമൂഹികം

പൂർവ്വ വിദ്യാർത്ഥി സംഘടന സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകല | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| സ്കൂൾ പ്രവർത്തനങ്ങൾ കെട്ടുറപ്പുള്ളതാക്കുക | 1 | സ്കൂളിലെ ആഘോഷങ്ങളിൽ പൂർവ്വ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നു. | 2017-18 | H.M.&P.T.A | | |
| | | ആകെ | | | | 0 |

സാമൂഹികം

## സ്നേഹം സാന്ത്വന പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലം | |
|---|---|---|---|---|---|---|
| | | | | | Source | Amount |
| സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതും, മാരക രോഗങ്ങളാൽ ബുദ്ധിമുട്ടുന്നതുമായ കുട്ടികളുടെ വീടുകളിലേക്കുള്ള ഒരു കൈത്താങ്ങ് | 1 | സ്നേഹം പദ്ധതി കമ്മറ്റി ആലോചനയോഗം..... കുട്ടികളുടെ പിറന്നാൾ, മറ്റ് സന്തോഷാവസരങ്ങളിൽ സ്വമനസ്സാലെ സ്വരൂപീക്കുന്ന ചില്ലറകൾ. വിദ്യാലയത്തിലെ തന്നെ ഏറ്റവും പാവപ്പെട്ട സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നതും, മാരകമായ രോഗങ്ങൾക്കടിമപ്പെട്ടു ജീവിക്കുന്ന കുട്ടികളുടെ വീടുകളിൽ ചികിത്സാ സഹായമായി 1000 രൂപ വീതം നൽകൽ | ജൂലൈ ആദ്യ വാരം | ഹെഡ്മാസ്റ്റർ, സ്നേഹപദ്ധതി കമ്മിറ്റി | പി.ടി.എ. സന്നദ്ധ പ്രവർത്തകർ നൽകുന്ന സംഭാവന | 10000 |
| | 2 | ഈ വർഷം നൽകേണ്ട അർഹരായവരെ കണ്ടെത്തൽ | ജൂലൈ മുതൽ ആഗസ്റ്റ് വരെ | ഹെഡ്മാസ്റ്റർ, സ്നേഹപദ്ധതി കമ്മിറ്റി | | |
| | 3 | ഇവരുടെ വീടുകളിൽ ഗൃഹസന്ദർശനം നടത്തൽ | | | | |
| | 4 | കമ്മറ്റി അംഗീകരിക്കൽ | | | | |
| | 5 | സഹായം വിതരണം ചെയ്യൽ | സെപ്തംബർ | | | |
| | | ആകെ | | | | 10000 |

## എഡ്യൂ സ്മാർട്ട് ക്ലാസ്റൂം

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] | |
|---|---|---|---|---|---|---|
| | | | | | [illegible] | [illegible] |
| സ്മാർട്ട് ക്ലാസ് റൂം - 4 എണ്ണം | 1 | 1 മുതൽ 4 വരെയുള്ള ക്ലാസ് മുറികൾ ആകർഷകമായ രീതിയിൽ ചിത്രങ്ങൾ വരച്ച് പെയിന്റ് ചെയ്യണം | | ഹെഡ്മാസ്റ്റർ | | |
| | 2 | 50 ഇഞ്ച് എൽ.സി.ഡി. ടെലിവിഷൻ (വൈഫൈ ആന്റ് വിജിഎ. കണക്റ്റിംഗ് സൗകര്യം ) 4 എണ്ണം | | ഹെഡ്മാസ്റ്റർ | | |
| | 3 | ടി.വി. പ്രൊട്ടക്ഷൻ കവർ വിത്ത് അലുമിനിയം ഫേബ്രിക്കേഷൻ | | ഹെഡ്മാസ്റ്റർ | | |
| | 4 | ഡസ്റ്റ് ഫ്രീ ക്ലാസ് റൂം വൈറ്റ് ബോർഡ് | | ഹെഡ്മാസ്റ്റർ | | |
| | 5 | റാക്ക്/ഷെൽഫ് - കുട്ടികളുടെ പുസ്തകങ്ങൾ, ബാഗ്, അനുബന്ധ ഉപകരണങ്ങൾ ഇവ വെക്കാൻ. | | ഹെഡ്മാസ്റ്റർ | | |
| | 6 | കുടിവെള്ള സംവിധാനത്തിനായി സ്റ്റീൽ ടംബ്ലർ - 4 എണ്ണം | | ഹെഡ്മാസ്റ്റർ | | |
| | 7 | ക്ലാസ് റൂം ഫർണീച്ചർ റിപ്പെയ്സ് ആന്റ് മെയിന്റനൻസ് | ഹെഡ്മാസ്റ്റർ | | | |
| | 8 | ലാപ്ടോപ്പ് - 4 എണ്ണം | അധ്യാപകർ | | | |
| | 9 | ചുമർബോർഡുകൾ | | ഹെഡ്മാസ്റ്റർ | | |
| | 10 | ക്ലാസ്റൂം ലൈബ്രറി - ഷെൽഫ് | | ഹെഡ്മാസ്റ്റർ | | |
| | 11 | കോളാർ മൈക്ക് | | ഹെഡ്മാസ്റ്റർ | | |
| | 12 | എ.സി. ക്ലാസ് റൂം | | ഹെഡ്മാസ്റ്റർ | എസ്.എസ്.എ. | 160000 |

| | | | | | | |
|---|---|---|---|---|---|---|
| | 13 | എല്ലാ ക്ലാസ് റൂമുകളിലും കുട്ടികൾക്ക് സ്റ്റുഡന്റ്സ് ഫ്രണ്ട്‌ലി ടേബിളുകൾ. ([illegible] 1 / കുട്ടികൾക്ക് 1 ടേബിൾ 2 കസേര എന്ന രീതിയിൽ) | | [illegible] | [illegible] | 340000 |
| | | ആകെ | | | | 320000 |

| ഫ്രീ പ്രൈമറി ക്ലാസ് റൂം ആകർഷകമാക്കൽ | | | | | | |
|---|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | സ്രോതസ്സ് | തുക |
| പ്രീ പ്രൈമറി ക്ലാസ് റൂം ആകർഷകമാക്കൽ | 1 | എൽ.ഇ.ഡി. ടി.വി. 50 ഇഞ്ച് | | | | |
| | 2 | കുട്ടികളുടെ പഠനോപകരണങ്ങൾ വെക്കാൻ കബോർഡ് | | | | |
| | 3 | ചുമരുകൾ ചിത്രം വരച്ച് ആകർഷകമാക്കൽ | | | | |
| | 4 | അധ്യാപകരുടെ പഠനോപകരണങ്ങൾ സൂക്ഷിക്കാൻ അലമാര | | | | |
| | 5 | കുട്ടികൾക്കിരിക്കാനായി ടേബിൾ ആന്റ് ചെയർ ( 50 കുട്ടികൾക്ക്) | | | | |
| | 6 | കളിയുപകരണങ്ങൾ | | | | |
| | 7 | കുടിവെള്ള സംവിധാനത്തിനായി സ്റ്റീൽ ടംബ്ലർ | | | | |
| | | ആകെ | | | | 0 |

| അടുക്കള നവീകരണം | | | | | | |
|---|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | [illegible] | [illegible] |
| അടുക്കള നവീകരണം | | ഗ്യാസ് അടുപ്പ്, സ്റ്റോർ മുറി എന്നിവക്കായി അടുക്കള വലുതാക്കൽ. | | | | |
| ഉച്ചഭക്ഷണ പോഷക പരിപാടി | 1 | പാത്രങ്ങൾ (പാചകത്തിനും,വിതരണത്തിനും, ഊണ് കഴിക്കുന്നതിനും) | | | | |
| | 2 | മിക്സി | | | | |
| | 3 | സ്റ്റീൽകുക്കർ (വലുത്) | | | | |
| | 4 | ഫ്രിഡ്ജ് | | | | |
| | 5 | ഗ്യാസ് അടുപ്പ് (വലുത്) | | | | |
| | 7 | അഗ്നിശമന സുരക്ഷാ സംവിധാനം | | | | |
| | 8 | കുടിവെള്ളത്തിനായി വാട്ടർ ഫിൽട്ടർ സംവിധാനം | | | | |
| | | ആകെ | | | | 0 |

## സ്മാർട്ട് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | [illegible] | [illegible] |
| കംപ്യൂട്ടർലാബ് കം മൾട്ടിമീഡിയറൂം | 1 | കംപ്യൂട്ടർ 15 എണ്ണം | | | | |
| | 2 | ഡെസ്ക്ടോപ് കംപ്യൂട്ടർ 10 എണ്ണം | | | | |
| | 3 | 5 ലാപ്ടോപ് 5 എണ്ണം | | | | |
| | 4 | കമ്പ്യൂട്ടർ ടേബിൾ , ചെയർ | | | | |
| | 5 | എൽ.സി.ഡി. പ്രൊജക്ടർ | | | | |
| | 6 | ഫോട്ടോകോപ്പിയർ (കുട്ടികൾക്കുള്ള വർക്ക്ഷീറ്റുകൾ എന്നിവ പ്രിന്റ് എടുക്കാൻ) | | | | 25000 |
| | 7 | വിഡിയോ ക്യാമറ (ഡോക്യുമെന്റേഷൻ) | | | | 25000 |
| | 8 | എ സി | | | | 250000 |
| | 9 | ഭാഷലാബ് | | | | 30000 |
| | | ആകെ | | | | 330000 |

**ഭൗതികം**

സ്കൂൾ കെട്ടിടം ആകർഷകമാക്കൽ, നവീകരണം.

| ലക്ഷ്യം | | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം | |
|---|---|---|---|---|---|---|
| | | | | | [illegible] | [illegible] |
| സ്കൂൾ കെട്ടിടം ആകർഷകമാക്കൽ, നവീകരണം. | 1 | സ്കൂൾ കെട്ടിടം മുഴുവനായും ആകർഷകമായ ചിത്രങ്ങൾ വരക്കാൻ | | ഹെഡ്മാസ്റ്റർ | | |
| | 2 | ക്ലാസ്മുറി, വരാന്ത ടൈൽ വിരിക്കൽ | | മാനേജ്മെന്റ് | | |
| | 3 | കെട്ടിടത്തിന് മുൻവശം സൺഷെയ്ഡ് ട്രസ് വർക്ക്, ഗ്രീൻ ഷീറ്റ് പിടിപ്പിക്കൽ (മഴക്കാലത്ത് വരാന്തയിൽ മുഴുവനും വെള്ളം) | | മാനേജ്മെന്റ് | മാനേജ്മെന്റ് | 60000 |
| | 4 | വാക്വം ക്ലീനർ | | ഹെഡ്മാസ്റ്റർ | മാനേജ്മെന്റ് | 10000 |
| | | ആകെ | | | | 70000 |

| ടോയ്‌ലറ്റ് നവീകരണം | | | | | | |
|---|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | [illegible] | [illegible] |
| ടോയ്‌ലറ്റ് നവീകരണം | 1 | ടോയ്‌ലറ്റ് മെയിന്റനൻസ് ആന്റ് പെയിന്റിംഗ് | | | പി.ടി.എ. ഫണ്ട് | 50000 |
| | 2 | നിലവിലുള്ള ഒരു ടോയ്‌ലറ്റ് അഡാപ്റ്റഡ് ടോയ്‌ലറ്റ് ആക്കി മാറ്റണം | | | | 20000 |
| | 3 | ടോയ്‌ലറ്റിലേക്കുള്ള വഴി നടപ്പാത ഒരുക്കൽ | | | | 30000 |
| | 4 | മഴകൊള്ളാതെ പോകുന്നതിന് നടപ്പാതയുടെ മുകളിലായി ഷീറ്റ് വിരിക്കൽ | | | | 30000 |
| | | ആകെ തുക | | | | 130000 |

| ചിൽഡ്രൻസ് പാർക്ക് , ജൈവ വൈവിധ്യ ഉദ്യാനം | | | | | | |
|---|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | [illegible] | [illegible] |
| ചിൽഡ്രൻസ് പാർക്ക് , ജൈവ വൈവിധ്യ ഉദ്യാനം | 1 | കുട്ടികളുടെ പാർക്ക് (കളിയുപകരണങ്ങൾ, ഊഞ്ഞാൽ , സ്ലൈഡ്, സിസോ, ഇരിപ്പിടങ്ങൾ മുതലായവ) | | | | |
| | 2 | പൂന്തോട്ടം, ശലഭപാർക്ക് | | | | |
| | 3 | അക്വാറിയം | | | | |
| | 4 | ജൈവ പച്ചക്കറിത്തോട്ടം (സ്കൂൾ ടെറസിൽ പോളിഹൗസ് ) | | | | |
| | | ആകെ | | | | 0 |

| വിസിറ്റേഴ്സ് പ്ലെയ്സ് | | | | | | |
|---|---|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തികവിശകലനം | |
| | | | | | സ്രോതസ്സ് | [illegible] |
| വിസിറ്റേഴ്സ് പ്ലെയ്സ് | 1 | കോണികളുടെ ഇടയിലുള്ള ഭാഗം ഗ്രില്ലിട്ട് അടച്ചുറപ്പുള്ളതാക്കുക. | | | [illegible] | 50000 |
| | 2 | സന്ദർശകർക്ക് ഇരിപ്പിടം | | | [illegible] | 5000 |
| | | ആകെ | | | | 55000 |

# കടപ്പാട്

കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി രൂപം കൊടുത്ത ഈ ബൃഹത് പദ്ധതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ, സഹായങ്ങൾ, പിന്തുണകൾ തന്ന സ്കൂൾ മാനേജ്മെന്റ്,
പി.ടി.എ, മാതൃസംഗമം, പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വഅദ്ധ്യാപകർ, കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി, പൊതുവിദ്യാഭ്യാസ വകുപ്പ്, എക്സ് എം.പി ശ്രീ. ഇന്നസെന്റ്, അഡ്വ. വി ആർ സുനിൽകുമാർ എം എൽ എ, ലുലു ഇന്റർനാഷ്ണൽ എം.ഡി ശ്രീ. അദീബ് അഹമ്മദ്, മറ്റ് വിദ്യാഭ്യാസ ഏജൻസികൾ ഇവരോടുള്ള ഹൃദയംനിറഞ്ഞ നന്ദിയറിയിക്കുന്നു.

**സി.എം.എം.ഐ.എൽ.പി.സ്കൂൾ, കൊടുങ്ങല്ലൂർ.**





ചേരമാൻ മാലിക് മൻസിൽ ഓർഫനേജ്
എൽ പി സ്കൂൾ, കൊടുങ്ങല്ലൂർ